ഉത്തരം

(എ) ബാങ്കുകളിലെ വായ്പാ നടപടി ക്രമങ്ങൾ റിസർവ്വ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും നിർദ്ദേശാനുസരണം തയ്യാറാക്കപ്പെട്ടതാണ്. എന്നിരുന്നാലും സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ ഈ ആവശ്യം നിരന്തരം ഉന്നയിക്കുന്നുണ്ട്. വിവിധതരം വായ്പകളുടെ വിതരണ ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് യഥാസമയങ്ങളിൽ ബാങ്കുകൾക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഭാരതീയ റിസർവ്വ് ബാങ്ക് മാർഗ്ഗരേഖകൾ നൽകുന്നുണ്ട്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾ അത്തരം നിർദ്ദേശങ്ങൾ അനുസരിക്കുവാൻ ബാധ്യസ്ഥരാണ്.

(ബി) 2000 സെപ്തംബർ അവസാനം കേരളത്തിലെ ബാങ്കുകളിൽ മൊത്തം 41216.89 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിരുന്നു.

പ്രതീക്ഷിത കമ്മി/മിച്ചം

4 (1274) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ൽ എൽ. ഡി. എഫ് സർക്കാർ അധികാരം ഒഴിയുന്ന കാലയളവു മുതൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പ്രതീക്ഷിത കമ്മി/മിച്ചം എന്നിവ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരമുള്ള ഓരോ സാമ്പത്തിക വർഷത്തിലും എന്തു കമ്മി/മിച്ചം ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത കാലയളവിൽ ബാലൻസ് ഓഫ് കറണ്ട് ഇയേഴ്സ്സ് റവന്യൂവിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് വർഷം തിരിച്ച് അറിയിക്കാമോ ;

(ഡി) 1991-ൽ എൽ.ഡി.എഫ്. അധികാരം ഒഴിയുമ്പോഴുള്ള ആളോഹരി കടബാധ്യത എന്തായിരുന്നുവെന്നും 1995-ൽ യു.ഡി.എഫ്. അധികാരം ഒഴിയുമ്പോഴുള്ള ആളോഹരി കടബാധ്യത എന്താണെന്നും അറിയിക്കുമോ ;

(ഇ) ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്ക് അനുസരിച്ച് ആളോഹരി കടബാധ്യത എത്ര രൂപയായി വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രതീക്ഷിത കമ്മി/മിച്ചം (കോടിയിൽ)

1990-91	(-)	52.25
1991-92	(-)	48.74
1992-93	(-)	106.17
1993-94	(-)	72.26
1994-95	(-)	52.53

LIBRARY ARCHIVES Kerala Legislative Assembly

	1995-96	(-)	214.65
	1996-97	(-)	83.15
	1997-98	(-)	498.19
	1998-99	(-)	142.60
	1999-2000	(-)	141.46
	2000-2001	(-)	659.89

(ബി) രൂപ കോടിയിൽ

1990-91	(+)	13.66
1991-92	(-)	45.22
1992-93	(+)	127.52
1993-94	(+)	41.32
1994-95	(+)	16.35
1995-96	(+)	4.62
1996-97	(-)	16.35
1997-98	(+)	127.88
1998-99	(-)	15.79
1999-2000	(-)	113.61

(സി) വർഷം (രൂപ കോടിയിൽ)

1990-91	(-)	422.02
1991-92	(-)	364.34
1992-93	(-)	337.41
1993-94	(-)	371.31
1994-95	(-)	399.88
1995-96	(-)	402.81
1996-97	(-)	643.03
1997-98	(-)	1117.01
1998-99	(-)	2027.49
1999-2000	(-)	3622.15

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1991 1491 രൂപ

1996 3253 രൂപ

(ഇ) 1999 4940 രൂപ

വിദേശ മൂലധന നിക്ഷേപം

5 (1275) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ മൂലധന നിക്ഷേപം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിദേശ മൂലധന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഇവ ഏതെങ്കിലും പദ്ധതികൾക്ക് മുടക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് മുടക്കിയിരിക്കുന്നത് എന്നും എത്രവീതം മുടക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) മറുപടി ശേഖരിച്ചു വരുന്നു.

ഡിസ്ക്രീഷനറി ഗ്രാന്റ്

6 (1276) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഘടനയുടെ 275-ാം വകുപ്പു പ്രകാരമുള്ള ഡിസ്ക്രീഷനറി ഗ്രാന്റിൽ സംസ്ഥാന സർക്കാരിന്റെ ഷെയർ ഒൻപതു ശതമാനമായി കുറവു ചെയ്തിട്ടുണ്ടോ ;

(ബി) ഇതുമൂലമുളവായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടോ ;

(സി) ഡിസ്ക്രീഷനറി ഗ്രാന്റ് വെട്ടിക്കുറച്ച നടപടിക്കെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം 'എ' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) ചോദ്യം 'എ' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത കടം

7 (1277) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly